ഹയർ സെക്കണ്ടറി
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

നം. Acd.Spc(4)/109288/2018/HSE തീയതി : 02/05/2019

## സർക്കുലർ

**വിഷയം :- ഹയർസെക്കണ്ടറി വിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം 2019 - 20 അധ്യയനവർഷം സംഘടിപ്പിക്കുന്ന ഐ.സി.ടി പരിശീലനങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന :- 1. ഹയർ സെക്കന്ററി ഡയറക്ടറുടെ 10.04.2018-ലെ Acd.Spc(4)/109288/2018/HSE നമ്പർ സർക്കുലർ.

2. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പരിശീലനങ്ങളുടെ 25.04.2019 -ന് നടന്ന അവലോകന യോഗത്തിന്റെ മിനിറ്റ്സ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂൾ അധ്യാപകർക്ക് നാല് ദിവസത്തെ ഐ.സി.ടി പരിശീലനം മെയ് മാസത്തിൽ നാലു സ്പെല്ലുകളിലായി താഴെ പറയുന്ന ക്രമത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

| | |
|---|---|
| സ്പെൽ 1 | 13/05/2019 മുതൽ 16/05/2019 വരെ ( 4 ദിവസം) |
| സ്പെൽ 2 | 17/05/2019 മുതൽ 21/05/2019 വരെ ( 4 ദിവസം) |
| സ്പെൽ 3 | 22/05/2019 മുതൽ 27/05/2019 വരെ ( 4 ദിവസം) |
| സ്പെൽ 4 | 28/05/2019 മുതൽ 31/05/2019 വരെ ( 4 ദിവസം) |

അധ്യാപകരെ 12 വിഷയ ഗ്രൂപ്പുകളാക്കി തിരിച്ചാണ് പരിശീലനം ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രസ്തുത പരിശീലത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്.

ഹയർസെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകരും നിർബന്ധമായും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ **www.kite.kerala.gov.in** എന്ന വെബ്സൈറ്റിലെ **Services** മെനുവിലുള്ള **Training Management System 2019**-ൽ അവരുടെ ലോഗിൻ ഉപയോഗിച്ച് പ്രവേശിച്ചാൽ സ്കൂളിൽനിന്നും രജിസ്റ്റർ ചെയ്ത അധ്യാപകരുടെ വിവരം അറിയാവുന്നതാണ്. ഇതുവരെ

രജിസ്ട്രേഷൻ നടത്താത്ത അധ്യാപകർ **06.05.2019-ന്** മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്. അതത് ജില്ലാ കോർഡിനേറ്റർമാർ ഇക്കാര്യം മോണിറ്റർ ചെയ്യേണ്ടതാണ്.

നിശ്ചിത തീയിതിക്കു മുമ്പായി രജിസ്ട്രഷൻ നടത്താൻ സാധിക്കാത്ത അധ്യാപകരുടെ വിശദാംശങ്ങൾ പ്രിൻസിപ്പൽമാർ **hssicttraining@gmail.com** എന്ന അഡ്രസിലേയ്ക്ക് **07.06.2019-ന്** മുമ്പായി താഴെ നൽകിയിരിക്കുന്ന ഫോർമാറ്റിൽ മെയിൽ ചെയ്യേണ്ടതാണ്.

| **സ്കൂളിന്റെ പേര്:** | | **സ്കുൾ കോഡ് :** |
|---|---|---|
| **ക്രമ നം.** | **പേര്** | **വിഷയഗ്രൂപ്പ്** |
| 1 | | |

**ഒപ്പ്**

**ഡയറക്ടർ**

പകർപ്പ്

എല്ലാ ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ പ്രിൻസിപ്പൽമാർക്കും